# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1917 5.10.2016-ൽ മറുപടിയ്ക്ക്**

**മുട്ടയുടെ ഉദ്പാദനം വർദ്ധിപ്പിക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് മുട്ടയുടെ ഉദ്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) കോഴിമുട്ട ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി മൃഗസംരക്ഷണ വകുപ്പും സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ വിരിയിച്ചെടുക്കുന്ന 25 ലക്ഷത്തോളം വരുന്ന കോഴിക്കുഞ്ഞുങ്ങളെ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന അംഗീകാരമുള്ള എഗ്ഗർ നഴ്സറികളിലൂടെ വളർത്തി 45-60 ദിവസം പ്രായത്തിൽ പിന്നാമ്പുറ കോഴി വളർത്തൽ പദ്ധതിയിലൂടെ സബ്സിഡിയോടെയും, വകുപ്പിൽ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ മൃഗാശുപത്രികൾ വഴിയും അല്ലാതെയും വിതരണം നടത്തി വരുന്നു. സംസ്ഥാനത്തിന് മുട്ടയുല്പാദനത്തിന് ഇണങ്ങുന്ന പദ്ധതി എന്ന രീതിയിൽ വളരെയധികം പ്രചാരം ഈ പദ്ധതിക്ക് സിദ്ധിച്ചിട്ടുണ്ട്.<br>1.സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ബാക്ക് യാർഡ് പൗൾട്രി പ്രൊഡക്ഷൻ പദ്ധതി.<br>ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ 701 സ്കൂളുകളിൽ 50 വിദ്യാർത്ഥികൾക്കു വീതം 5 കോഴിക്കുഞ്ഞുങ്ങൾ, കോഴി തീറ്റ എന്നിവ വിതരണം ചെയ്യുന്നു. ഒരു യൂണിറ്റിന് 725 രൂപ സബ്സിഡി നൽകുന്നു.<br>2.പ്രൊപ്പഗേഷൻ ഓഫ് ഡക്ക് ഫാമിംഗ്<br>ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ 1608 കർഷകർക്ക് 10 താറാവിൻ കുഞ്ഞുങ്ങളെ വീതം വിതരണം ചെയ്യുന്നു. ഒരു യൂണിറ്റിന് 1200 രൂപ സബ്സിഡി നല്കുന്നു.<br>3. ഇതിനു പുറമേ ഈ സാമ്പത്തിക വർഷം 5600 പട്ടിക ജാതി ഗുണഭോക്താക്കൾക്ക് 10 കോഴിക്കുഞ്ഞുങ്ങളെ വീതം വിതരണം ചെയ്യുന്നതുമാണ്.<br>കേരള സ്റ്റേറ്റ് പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

ബി) കോഴി, താറാവ്, കാട എന്നിവയുടെ കർഷകർക്ക് നിലവിൽ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

ബി) സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന അംഗീകാരമുള്ള എഗ്ഗർ നഴ്സറികൾക്ക് വേണ്ടുന്ന ഒരു ദിവസം പ്രായമുള്ള മുട്ട കോഴിക്കുഞ്ഞുങ്ങളെ വകുപ്പിന്റെ ഫാമുകളിൽ നിന്നും വിരിയിച്ചു നല്കി വരുന്നു. ഇവർ 45 മുതൽ 60 ദിവസം വരെ വളർത്തി വലുതാക്കുന്ന മുട്ടക്കോഴി കുഞ്ഞുങ്ങളെ മൃഗസംരക്ഷണ വകുപ്പിന്റെയും പഞ്ചായത്തിന്റെയും വിവിധ പദ്ധതികളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുവാനുള്ള സാഹചര്യം ഒരുക്കി നൽകുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ പത്തനംതിട്ട ജില്ലയിൽ പ്രവർത്തിക്കുന്ന താറാവ് ഫാമിൽ നിന്നും താറാവ് കർഷകർക്ക് വേണ്ട താറാവ് കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നു. കാടക്കോഴി കുഞ്ഞുങ്ങളെ സെൻട്രൽ ഹാച്ചറിയിൽ നിന്നും വിതരണം നടത്തി വരുന്നു.

ഇതിനും പുറമേ കെപ്കോയുടെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ കടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ബ്രോയിലർ ബ്രീഡിംഗ് ഫാമിൽ ഉല്പാദിപ്പിക്കുന്ന ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ താല്പര്യമുള്ള കർഷകർക്ക് സൗജന്യ നിരക്കിൽ നല്കുന്നു. കൊല്ലം ജില്ലയിലെ കൊട്ടിയം, തൃശ്ശൂർ ജില്ലയിലെ മാള എന്നീ ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന മുട്ടക്കോഴി കുഞ്ഞുങ്ങളെ ഇന്റഗ്രേഷൻ ഫാമുകൾ വഴി വളർത്തിയെടുത്ത് 45 ദിവസം പ്രായമാകുമ്പോൾ ആവശ്യക്കാർക്ക് മിതമായ നിരക്കിൽ വിതരണം ചെയ്യുന്നു.

കർഷകർക്ക് സാങ്കേതിക സഹായം, കോഴികൾക്ക് സൗജന്യ ചികിത്സ, മരുന്നു വിതരണം, പ്രതിരോധ കുത്തി വയ്പുകൾ എന്നിവ നൽകി വരുന്നു.

സി) കോഴി, താറാവ് കർഷകർക്ക് അവരുടെ ഉത്പാദനോപാധികൾ ജാമ്യമായി സ്വീകരിച്ച് ലോൺ നൽകുന്നതിന് സംസ്ഥാന സഹകരണ ബാങ്കിനും ജില്ലാസഹകരണ ബാങ്കുകൾക്കും നിർദ്ദേശം നൽകുമോ വിശദീകരിക്കാമോ?

സി) ഇത്തരത്തിൽ പദ്ധതികളൊന്നും നിലവിലില്ല.

സെക്ഷൻ ഓഫീസർ

## അനുബന്ധം

### കോഴിയിറച്ചി, കോഴിമുട്ട എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പദ്ധതിയുടെ സ്വഭാവം | ആനുകൂല്യങ്ങൾ |
|---|---|---|---|
| 1 | കെപ്കോ ആശ്രയ | സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ മുഴുവൻ വിധവകൾക്കും ആണ് പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുക | 10 കോഴി, 10 കിലോ തീറ്റ, 50 രൂപയുടെ മരുന്ന് എന്നിവ സൗജന്യമായി നൽകുന്നു |
| 2 | കെപ്കോ നഗരപ്രിയ | തെരഞ്ഞെടുക്കപ്പെടുന്ന നഗരസഭകളിലെ വനിത ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുക | 5 കോഴി, 5 കിലോ തീറ്റ, 20 രൂപയുടെ മരുന്ന്, ആധുനിക രീതിയിലുള്ള ഒരു കൂട്, ഗുണഭോക്തൃ വിഹിതമായി 850 രൂപ അടയ്ക്കേണ്ടതുണ്ട്. |
| 3. | കോൾ നിലങ്ങളിലെ കോഴി കൃഷി | തൃശ്ശൂർ, പൊന്നാനി മേഖലകളിലെ കോൾനിലങ്ങളിലെ കർഷകർക്കാണ് ഇതിന്റെ ആനുകൂല്യം ലഭിക്കുക | 12 കോഴി, 10 കിലോ തീറ്റ, 50 രൂപയുടെ മരുന്ന്.ഓരോ ഗുണഭോക്താവും ഗുണഭോക്തൃ വിഹിതമായി 100 രൂപ അടയ്ക്കേണ്ടതുണ്ട്. |
| 4 | റൂറൽ ബാക്ക്യാർഡ് പൗൾട്രി പ്രൊഡക്ഷൻ | ഒരു പ്രദേശത്ത് തെരഞ്ഞെടുക്കപ്പെടുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 500 വനിത ഗുണഭോക്താക്കൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുക | ഒരു ഗുണഭോക്താവിന് 45 കോഴി മൂന്ന് ഘട്ടങ്ങളിലായിട്ടാണ് വിതരണം നടത്തുന്നത്. ആദ്യ ഘട്ടത്തിൽ 20 കോഴിയും രണ്ടാം ഘട്ടത്തിൽ 15 കോഴിയും മൂന്നാം ഘട്ടത്തിൽ 10 കോഴിയും വീതമാണ് വിതരണം നടത്തുന്നത്. ഗുണഭോക്തൃ വിഹിതമായി കോഴി ഒന്നിന് 35 രൂപ നിരക്കിൽ നൽകേണ്ടതാണ്. |
| 5 | കോഴി വളർത്തൽ പദ്ധതി കുടുംബശ്രീ യൂണിറ്റുകൾ വഴി | തെരഞ്ഞെടുക്കപ്പെടുന്ന 4 ജില്ലകളിലെ 20 കുടുംബശ്രീ യൂണിറ്റുകളിലെ 1000 വനിത ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നത് | 10 കോഴി, 10 കിലോ തീറ്റ, 30 രൂപയുടെ മരുന്ന് എന്നിവയാണ് നൽകുന്നത്. ഒരു ഗുണഭോക്താവ് ഗുണഭോക്തൃ വിഹിതമായി 250 രൂപ അടയ്ക്കേണ്ടതാണ്. |
| 6 | കോഴി വളർത്തൽ ഗ്രാമങ്ങൾ | തെരഞ്ഞെടുക്കപ്പെടുന്ന 25 പഞ്ചായത്തുകളിൽ ഒരു പഞ്ചായത്തിൽ 660 വനിത ഗുണഭോക്താക്കൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക | 5 കോഴി, 2 കിലോ തീറ്റ, 50 രൂപയുടെ മരുന്ന് ഗുണഭോക്തൃ വിഹിതമായി 150 രൂപ അടക്കേണ്ടതുണ്ട്. |
| 7 | പട്ടികജാതിക്കാർക്കുള്ള കോഴി വളർത്തൽ പദ്ധതി | പട്ടികജാതി വികസന വകുപ്പിന്റെ സഹകരണത്തോടെ കെപ്കോ നടപ്പാക്കുന്ന പ്രത്യേക പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് രണ്ടു വിധത്തിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്. | 1.100 മുട്ടക്കോഴികളെ വളർത്താൻ പര്യാപ്തമായ കൂടും, ഷെഡ് നിർമ്മിക്കുന്നതിന് 14,000 രൂപയും 7000 രൂപ വില വരുന്ന കോഴിത്തീറ്റയും 300 ഗുണഭോക്താൾക്ക് സൗജന്യമായി ലഭിക്കുന്നു.<br>2.ഡീപ്പ് ലിറ്റർ രീതി അനുസരിച്ച് കോഴിവളർത്തുന്നതിന് ആവശ്യമായ ഷെഡ് നിർമ്മിക്കുന്നതിനും, ഉപകരണങ്ങൾ വാങ്ങുന്നതിനും, വൈദ്യുതീകരണം, ജലസേചനം എന്നിവ സജ്ജമാക്കുന്നതിനും വേണ്ടി തിരിച്ചടക്കേണ്ടതില്ലാത്ത 6 ലക്ഷം രൂപയുടെ ആനുകൂല്യങ്ങൾ 14 ഗുണഭോക്തൃ യൂണിറ്റുകൾക്കു നൽകുന്നു. |

| | | | |
|---|---|---|---|
| 8 | കുഞ്ഞുകൈകളിൽ കോഴി ക്കുഞ്ഞ് പദ്ധതി | സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന സർക്കാർ/ എയ്ഡഡ് സ്ക്കൂളുകളിലെ 6,7,8,9 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥി കൾക്കായി നടപ്പിലാക്കുന്ന പദ്ധതി | 5 കോഴി, 5 കിലോ തീറ്റ, 50 രൂപയുടെ മരുന്ന് എന്നിവയാണ് നൽകുന്നത് എന്നിവ സൗജന്യമായി നൽകുന്നു. |
| 9 | കെപ്കോ ഇന്റഗ്രേഷൻ | കോഴിവളർത്തൽ പ്രധാന ഉപജീവന മാർഗ്ഗമോ അനുബന്ധ ഉപജീവന മാർഗ്ഗമോ ആയി സ്വീകരിച്ചിട്ടുള്ള കർഷകരെ സഹായിക്കുന്നതിനുവേണ്ടി കെപ്കോ സ്വന്തമായി ആവി ഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഇന്റഗ്രേഷൻ പദ്ധതി അഥവാ സംയോജിത കോഴിവളർത്തൽ പദ്ധതി<br>• മുട്ടക്കോഴി വളർത്തലിൽ താൽപര്യമുള്ളവർക്കും, ഇറച്ചിക്കോഴി വളർത്തലിൽ താൽപര്യമുള്ളവർക്കും ഈ പദ്ധതികളിൽ അംഗമാകാവുന്നതാണ്.<br>• കോഴി വളർത്തലിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ സ്ഥലം, വെള്ളം, വൈദ്യുതി, തീറ്റപ്പാത്രം, വെള്ളപ്പാത്രം തുടങ്ങിയവ കർഷകർ സജ്ജമാക്കണം.<br>• കോഴിക്കുഞ്ഞുങ്ങൾ, തീറ്റ, മരുന്ന് എന്നിവ കോർപ്പറേഷൻ അവരുടെ ഫാമുകളിൽ എത്തിച്ചു കൊടുക്കുന്നു.<br>• ഫീൽഡ് സൂപ്പർ വൈസർമാർ കൃത്യമായും ഫാം സന്ദർശിച്ച് ഫാമിന്റെ പ്രവർത്തന വും, കോഴികളുടെ ആരോഗ്യ സ്ഥിതിയും വിലയിരുത്തുന്നതോടൊപ്പം കർഷകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.<br>• 40-45 ദിവസം പ്രായമാകുമ്പോൾ കോഴികളെ കോർപ്പറേഷൻ തിരിച്ചെടുക്കുന്നു.<br>• വളർത്തുകൂലിയായി മുട്ടക്കോഴി ഒന്നിന് ഏകദേശം 6-7 രൂപ വീതവും, ബ്രോയിലർ കോഴിക്ക് കിലോയ്ക്ക് പരമാവധി 10 രൂപവരെയും കർഷകർക്ക് നൽകുന്നു. | |

സെക്ഷൻ ഓഫീസർ